നമ്പർ:DDP-KLM/1796/2021-D1 ,പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കൊല്ലം, തീയ്യതി:**17/12/2022**
ഇമെയിൽ :ddpklm@gmail.com
ഫോൺ:0474-2794961

പ്രേഷകൻ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം

സ്വീകർത്താവ്

ബഹു: പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - കൊല്ലം ജില്ല - മൈലം ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ.ബിജുമോൻ.സി.ക്കെതിരായ അച്ചടക്കനടപടി - ഔപചാരിക അന്വേഷണറിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. അങ്ങയുടെ 17.08.2022-ലെ PAN/ 6770/2021-D6 (DP) നമ്പർ ഉത്തരവ്.

2. അങ്ങയുടെ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച 26.07.2021-ലെ PAN/6770/2021-D6 (DP) നമ്പർ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക.

3. ഈ ആഫീസിൽ നിന്നും 20.09.2022 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ഇതേ നമ്പർ നേർവിചാരണ നോട്ടീസ്.

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.ബിജുമോൻ.സി.-ക്കെതിരെ തുടരുന്ന അച്ചടക്കനടപടിയുടെ ഭാഗമായി സൂചന (1) ഉത്തരവിലൂടെ ചുമതലപ്പെടുത്തിയതിൻ പ്രകാരം നടത്തിയ ഔപചാരിക അന്വേഷണറിപ്പോർട്ട് ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

<u>പശ്ചാത്തലം</u>

ശ്രീ.ബിജുമോൻ.സി. 23.07.1991-ൽ കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണ്. 23.12.1997-ൽ യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റത്തോടെ മേലില ഗ്രാമപഞ്ചായത്തിലേക്ക് നിയമിച്ചു. അങ്ങയുടെ 27.10.2000-ലെ ഇ 4-10/2000 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതും 13.11.2000-ൽ



Generated from eOffice by Aparna S, VIGA3-PD LSGD, VIGA3 PD LSGD, PD LSGD on 17/10/2023 10:34 AM

മൈലം ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. മൈലം ഗ്രാമപഞ്ചായത്തിലെ യു .ഡി.ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ തുടരവേ ബഹു : സർക്കാരിൻറെ 19.01.2006-ലെ ജി .ഒ(ആർറ്റി)നം.178/2006/തസ്വഭവ ഉത്തരവ് പ്രകാരം 20.01.2006 മുതൽ അഞ്ചു വർഷത്തേക്ക് ടിയാന് വിദേശത്ത് ജോലി ചെയ്യുന്നതിന് ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതും 25.01.2006 മുതൽ ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. തുടർന്ന് സർക്കാരിൻറെ 14.09.2010-ലെ ജി .ഒ(ആർറ്റ ി)നം.3025/10/തസ്വഭവ ഉത്തരവ് പ്രകാരം 25.01.2011 മുതൽ 5 വർഷത്തേക്കും തുടർന്ന് ബഹു: പഞ്ചായത്ത് ഡയറക്ടറുടെ 08.02.2016-ലെ ഇ 5-543/2016 നമ്പർ ഉത്തരവ് പ്രകാരം 25.01.2016 മുതൽ 5 വർഷത്തേക്കും അവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്.

ബഹു: പഞ്ചായത്ത് ഡയറക്ടറുടെ 08.02.2016-ലെ ഇ 5-543/2016 നമ്പർ ഉത്തരവ് പ്രകാരം 25.01.2016 മുതൽ 5 വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയ അവധി 24.01.2021-ൽ അവസാനിച്ചിട്ടും ടിയാൻ സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടില്ലാത്തതാണ്. അവധി അവസാനിച്ചിട്ടും ജോലിയിൽ പ്രവേശിക്കാതെ കൃത്യനിർവ്വഹണത്തിൽ നിന്നും അനധികൃതമായി വിട്ടുനിന്നത് ടിയാൻറെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അച്ചടക്കലംഘനവും ചട്ടലംഘനവും വീഴ്ചയുമായി കണ്ട് ടിയാനെതിരെ സൂചന (2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പുറപ്പെടുവിച്ച് അച്ചടക്കനടപടി ആരംഭിച്ചിട്ടുള്ളതാണ്. ടി അച്ചടക്കനടപടിയുടെ ഭാഗമായി ടിയാനെതിരെ ഔപചാരിക അന്വേഷണം അനിവാര്യമാണെന്ന് കണ്ട് സൂചന (1) പ്രകാരം കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.ജോസഫ് സെബാസ്റ്റ്യനെ ഔപചാരിക അന്വേഷണത്തിന് ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്.

<u>കുറ്റപത്രം</u>

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.ബിജുമോൻ.സി.-ക്കെതിരായ കുറ്റാരോപണങ്ങൾ

'താങ്കൾ മൈലം ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലി നോക്കി വരവേ 25.01.2016 മുതൽ 5 വർഷക്കാലയളവിലേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും, തുടർന്ന് അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ അംഗീകാരം ലഭിക്കാതെ അനധികൃതമായി അവധിയിൽ തുടർന്ന് ഓഫീസിൽ ഹാജരാകാതെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടുനിന്നു. ആയത് താങ്കളുടെ ഭാഗത്തുനിന്നുള്ള ഗുരുതര അച്ചടക്കലംഘനവും ചട്ടലംഘനവും വീഴ്ചയുമാണ്''

<u>എതിർവാദം</u>

മേൽ കുറ്റാരോപണങ്ങൾ ടിയാൻറെ ലഭ്യമായ മേൽവിലാസത്തിലേക്ക് അയച്ചുനൽകിയെങ്കിലും ടിയാൻ കൈപ്പറ്റുകയോ എതിർവാദപത്രിക സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

കണ്ടെത്തലുകൾ



Generated from eOffice by Aparna S, VIGA3-PD LSGD, VIGA3 PD LSGD, PD LSGD on 17/10/2023 10:34 AM

ബഹു: പഞ്ചായത്ത് ഡയറക്ടറുടെ 08.02.2016-ലെ ഇ 5-543/16 നമ്പർ ഉത്തരവ് പ്രകാരം 25.01.2016 മുതൽ 5 വർഷത്തേക്ക് ദീർഘിപ്പിച്ച് അനുവദിച്ച അവധി കാലയളവ് 24.01.2021-ൽ അവസാനിച്ചിട്ടുള്ളതും ടിയാൻ നാളിതുവരെ സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടില്ലാത്തതുമാണ്. സൂചന (2) പ്രകാരം പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോ ഈ ആഫീസിൽ നിന്നും 'ശ്രീ.ബിജുമോൻ.സി., പ്രെയ്സ് വില്ല, ഓടനാവട്ടം പി.ഒ, കൊട്ടാരക്കര, കൊല്ലം - 691512' എന്ന മേൽവിലാസത്തിലേക്ക് രജിസ്റ്റേർഡ് തപാൽ മാർഗ്ഗം അയച്ചുനൽകിയെങ്കിലും 'Addressee left India' എന്ന് രേഖപ്പെടുത്തി മടങ്ങിവന്നിട്ടുള്ളതാണ്. ഔപചാരിക അന്വേഷണത്തിൻറെ ഭാഗമായി ടിയാനെ നേർവിചാരണ നടത്തുന്നതിനായി ഈ ആഫീസിൽ നിന്ന് പുറപ്പെടുവിച്ച സൂചന (3) പ്രകാരമുള്ള നോട്ടീസും 'Addressee left India' എന്ന് രേഖപ്പെടുത്തി തിരികെ വന്നിട്ടുള്ളതാണ്.

<u>അഭിപ്രായറിപ്പോർട്ട്</u>

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1, അനുബന്ധം 12 എ-യിലെ ചട്ടം 6 പ്രകാരം അവധി അവസാനിച്ചിട്ടും സേവനത്തിൽ തിരികെ പ്രവേശിക്കാതെ അനധികൃതമായി വിട്ടുനിൽക്കുന്നത് സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ തക്കമുള്ള കുറ്റമാണ്. ആയതിനാൽ കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശിക്ഷണനടപടികളെ സംബന്ധിച്ച മാനുവലിലെ ഖണ്ഡിക 53(4) പ്രകാരമുള്ള നടപടി സ്വീകരിച്ച് ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ് എന്ന് ശുപാർശ ചെയ്യുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം

Signature valid
Digitally signed by JOSEPH SEBASTIAN
Date: 2022.12.17 11:27:17 IST
Reason: Approved



Generated from eOffice by Aparna S, VIGA3-PD LSGD, VIGA3 PD LSGD, PD LSGD on 17/10/2023 10:34 AM